# പള്ളികഥകൾ

## മിനികഥകൾ　　　മൂന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ്അച്ചൻ ഇപ്രാവശ്യംപറഞ്ഞത് സംഭവകഥയാണോ അതോ സാധാരണ കഥയാണോ എന്ന് എനിക്കു മാത്രമല്ല കേൾക്കുന്ന നിങ്ങൾക്കും തോന്നിപോകും. ജീവിതത്തിൽ സംഭവിക്കാവുന്നഅക്ഷരപിശകിനെക്കുറിച്ച് സംസാരിച്ചപ്പോഴാണ് അക്കഥ പറയുന്നത്. അച്ചന്റെ സംസാരം കേട്ടാൽ നേരായി നടന്നതാണന്നേ ആർക്കും തോന്നിപോകും.

## അക്ഷരപിശക്

ഒരു ഓത്ത്ഡോക്സ് കൊച്ചച്ചന്റെ ഭാര്യ (മസ്കി എന്നാണ് സാധാരണ പറയാറുള്ളത്) വടക്കേ ഇന്ത്യയിൽ ജനിച്ചു വളന്ന് ഒരു മലയാളിയായിരുന്നു. വടക്കേ ഇന്ത്യയിൽ ജനിച്ചു വളന്നവരോട് ''മലയാളം അറിയാമോ'' എന്നു ചോദിച്ചാൽ ''കുരച്ചു, കുരച്ചു'' എന്നായിരിക്കുമല്ലോ പറയുക. നല്ല മലയാളം സംസാരിക്കുന്നവർ ''കുരക്കല്ലേ'' എന്നു കളിയാക്കി പറയാറുണ്ടല്ലോ.

നമ്മുടെ കൊച്ചച്ചനും വിവഹസമയമായപ്പോൾ പല സ്ഥലത്തു നിന്നും ആലോചനകൾ വന്നതൊന്നു ഇഷ്ടപ്പെട്ടില്ല. വീട്ടുകാർക്ക് ഇഷ്ടപ്പെടുമ്പോൾ ചെറുക്കന് പോതിക്കത്തില്ല. തിരിച്ചും മറിച്ചും പല ആലോചനകൾ വന്നതിന്റെ ഒടുവിലാണ് ഈ പെണ്ണിനെ രണ്ടുകൂട്ടർക്കും ഇഷ്ടപ്പെട്ടത്.

പെണ്ണിനെ കണ്ടാലും ആരും ഇഷ്ടപ്പെടും. ഒരച്ചന്റെ ഭാര്യയാകാനുള്ള യോഗ്യതകളെല്ലാമുണ്ട്. ആവശ്യത്തിലേറെ വിദ്യാഭ്യാസവും ഉണ്ട്. അടക്കവും, വിനയവും, താഴ്മയും എല്ലാമുണ്ട്. പ്രാത്ഥനാകാര്യത്തിലും മുൻപന്തിയിൽ തന്നെ. അങ്ങിനെ വീട്ടുകാർക്കും നാട്ടുകാർക്കും ചെറുക്കനും എല്ലാം ഇഷ്ടപ്പെട്ട നല്ല പൊന്നുപോലുള്ള പെണ്ണാണ്. മലയാളം പറയുന്നതെല്ലാം നല്ലതുപോലെ മനസ്സിലാകും. എന്നാൽ മറിച്ച് പറയുന്നത് സ്വല്പം പ്രയാസത്തിലാണ്. എന്നാൽ ഇംഗ്ലീഷും ഹിന്ദിയുമെല്ലാം നല്ലതുപോലെ സംസാരിക്കും. മലയാളം എഴുതാനും വായിക്കാനും അറിയത്തില്ല. അതുകൊണ്ട് കൊച്ചമ്മക്ക് സ്വന്ത ഉപയോഗത്തിനായി ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള വേദപുസ്തകങ്ങളും പ്രാത്ഥനാ പുസ്തകങ്ങളും ഉണ്ട്. എല്ലാം തികഞ്ഞൊരു വസ്തു തണ്ടാർമഹൻ ചമച്ചതുണ്ടോ? എന്നാണല്ലോ പഴമൊഴി.

ഭാര്യയുടെ പെരുമാറ്റവും കാര്യപിടിപ്പുമെല്ലാം അച്ചനും വളരെ ഇഷ്ടപ്പെട്ടു. പള്ളിക്കാർക്കും കൊച്ചമ്മയോട് വളരെ ബഹുമാനമായിരുന്നു. പള്ളിക്കാരോട് സംസാരിക്കുമ്പോൾ കൊച്ചമ്മ എന്നു ചേത്തു മാത്രമേ സംസാരിക്കാറുമുള്ളു. അതിൽ പള്ളിക്കാർക്കും യാതൊരഭിപ്രായ വ്യത്യാസവും ഇല്ലായിരുന്നു. അങ്ങിനെ തന്നെ വേണം സംസാരിക്കേണ്ടതെന്ന് മിക്കവരും അഭിപ്രായപ്പെടുകയും ചെയ്തു.

കൊച്ചമ്മ പള്ളിയിൽപോകുമ്പോൾ വളരെ ലളിതമായ വേഷം ധരിച്ചിരുന്നതിനെ അസൂയക്കാർ പെണ്ണുങ്ങൾ ''പാവം കൊച്ചമ്മയ്ക്ക് വിലയുള്ള വസ്ത്രങ്ങളൊന്നുമില്ല; വളരെ പാവപ്പെട്ട ഏതോ കുടുംബത്തിൽപ്പെട്ടതാണെന്നു'' വരെ പറഞ്ഞു പരത്തി. അവരുടെ പെട്ടി നിറയെ നല്ല വിലയുള്ള വസ്ത്രങ്ങൾ വളരെയധികം ഉണ്ടായിരുന്നു. അച്ചൻ പ്രത്യേകം പറഞ്ഞിരുന്നതുകൊണ്ടാണ് അവർ വളരെ വിലകുറഞ്ഞ വസ്ത്രങ്ങൾ ധരിച്ചിരുന്നത്. കൂടാതെ ആഭരണങ്ങൾ അധികം ഒന്നും തന്നെ ധരിച്ചിരുന്നില്ല. അച്ചൻ പറയുന്നതെന്തും അക്ഷരംപ്രതി അവർ അനുസരിച്ചിരുന്നു.

അങ്ങിനെ എല്ലാംകൊണ്ടും അച്ചനു പ്രിയപ്പെട്ട ഒരു ഭാര്യയായി അവർ കഴിഞ്ഞുകൂടി. അച്ചൻ പറയുന്നതെന്തും അവർ വള്ളിപുള്ളി വിടാതെ അനുസ്സരിച്ചിരുന്നു.

ഭക്ഷണം പാകം ചെയ്യുന്നതിലും അവർ ബഹു മിടുക്കിയായിരുന്നു. പഴയ കാലത്ത് ഓത്ത്ഡോക്സ് അച്ചന്റെ ഭാര്യയാകേണ്ട ആളിനു വേണ്ട പ്രത്യേക യോഗ്യത നല്ലവിധം ഭക്ഷണം പാകം ചെയ്യാനുള്ള കഴിവുണ്ടായിരിക്കണമെന്നതായിരുന്നല്ലോ.

അച്ചൻ അവരോട് ഒരു കാര്യം പ്രത്യേകം പറഞ്ഞേല്പിച്ചു ''ഭക്ഷണം വിളമ്പി കഴിഞ്ഞ് പ്രത്യേകം പറയണം; നാണിക്കേണ്ട, കഴിച്ചാട്ടേ, കഴിച്ചാട്ടേ എന്ന്'' അവർ പ്രത്യേകം അത് ഓത്തിരുന്നു.

അന്നത്തെ കാലത്ത് സാധാരണ ഒരു ഓത്ത്ഡോക്സ് അച്ചന്റെ ഭവനത്തിൽ വളരെയധികം ആൾക്കാർ ചെല്ലുകയും ഭക്ഷണം കഴിക്കുകയും പതിവായിരുന്നു. അതുപോലെ നമ്മുടെ ഈ കൊച്ചച്ചന്റെ വീട്ടിലും ഒരു ദിവസം സുഹൃത്തുക്കളായ കുറച്ച് അച്ചന്മാരും ശെമ്മാശ്ശന്മാരും എല്ലാം കൂടെ ചെന്നു.

നല്ല രുചികരമായ ഭക്ഷണങ്ങൾ അവർ കഴിച്ചു. ഇത്രയും നല്ല ഭക്ഷണം ജീവതത്തിൽ ഇതുവെരെ കഴിച്ചിട്ടില്ലന്ന് അവരിൽ ചിലർ അഭിപ്രായവും പറഞ്ഞു. ഇതെല്ലാം കേട്ട് സന്തോഷിച്ച കൊച്ചമ്മ അച്ചൻ പഠിപ്പിച്ചതോത്ത് പറഞ്ഞു ''നാണമില്ലാതെ തിന്നോണ്ടുപോ, നാണമില്ലാതെ തിന്നോണ്ടുപോ''

നല്ല രുചിയായി ഭക്ഷണം കഴിച്ചുകൊണ്ടിരുന്നവരെല്ലാം ഭക്ഷണം കഴിപ്പു നിത്തി ഇറങ്ങിപ്പോയി. ചിരിച്ചും കളിച്ചും സന്തോഷമായി വീട്ടിൽ വന്നവർ എല്ലാം മ്ലാനിതരായി മടങ്ങിപ്പോകുന്നതുകണ്ട് നമ്മുടെ കൊച്ചച്ചൻ അന്തം വിട്ടുപോയി. എന്താണ് സംഭവിച്ചതെന്ന് അദ്ദേഹമറിഞ്ഞില്ല.

കൊച്ചച്ചൻ കൊച്ചമ്മയോട് കാര്യമന്വേഷിച്ചപ്പോൾ അവർ പറഞ്ഞത് '' അവർ എല്ലാം നല്ലതായി കഴിച്ചുകൊണ്ടാണിരുന്നത്. അപ്പോൾ ഞാനവരോടു അച്ചൻ പഠിപ്പിച്ചതുപോലെ പറഞ്ഞു ''നാണമില്ലാതെ തിന്നോണ്ടുപോ''

ഇതുപോലെ നമ്മുടെ ജീവിതത്തിൽ വരുന്ന അക്ഷരപിശകുകൾ കാരണം ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകൾ പലതാണല്ലോ എന്നാണ് ജോസഫ് അച്ചൻ പറഞ്ഞു നിത്തിയത്. അതുകൊണ്ട് വളരെ ശ്രദ്ധിച്ചു വേണം വത്തമാനം പറയേണ്ടതെന്നു മാത്രമല്ല; ജീവിതം നയിക്കേണ്ടതെന്നും ജോസഫ അച്ചൻ പറഞ്ഞു മനസ്സിലാക്കി. ഇതൊരു പാഠമാക്കി നമ്മളെല്ലാം നമ്മുടെ ജീവിതം ശ്രദ്ധിച്ച് ഭംഗിയാക്കിത്തീക്കുമല്ലോ.

സംസാരം വെള്ളിയാണെങ്കിൽ മൗനം സ്വണ്ണമെന്നും മൗനം വിദ്വാന ഭൂഷണമെന്നുമാണ് ജോസഫ് അച്ചന്റെ അഭിമതം. കൂടാതെ നേരെ ചെവ്വേ വത്തമാനം പറയാൻ അറിയൻ വയ്യാത്തവനും മൗനാവലംബിയാണെന്ന് അച്ചൻ പറയാറുണ്ട്. എന്തായാലും അധികം വത്തമാനം പറയുന്നവർ നിഷ്ക്കളങ്കരാണെന്നും അവരുടെ വായിൽ നാറ്റം കാണില്ലന്നും ജോസഫ് അച്ചൻ കൂട്ടിചേത്തും പറയാറുണ്ട്.